പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3263 | 24.02.2016 ൽ മറുപടിക്ക് |

## ഇന്ത്യ റിസർവ്വ് ബറ്റാലിയൻ

| ചോദ്യം<br>ശ്രീ. കെ.എസ്. ശബരീനാഥൻ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) കേരള പോലീസിൽ ഇന്ത്യ റിസർവ്വ് ബറ്റാലിയൻ സേനയുടെ എത്ര ബാച്ചുകൾ ട്രെയിനിംഗ് പൂർത്തിയാക്കി പാസിംഗ് ഔട്ട് ആയിട്ടുണ്ട്; ഇവരുടെ ട്രെയിനിംഗ് കാലാവധി എത്രമാസമാണെന്ന് വ്യക്തമാക്കുമോ; | (എ) കേരള പോലീസിൽ ഇന്ത്യ റിസർവ്വ് ബറ്റാലിയൻ സേനയുടെ റെഗുലർ വിംഗ് 2 ബാച്ചുകളും കമാൻഡോ വിംഗ് 4 ബാച്ചുകളും ട്രെയിനിംഗ് പൂർത്തിയാക്കി പാസിംഗ് ഔട്ട് ആയിട്ടുണ്ട്. ഇവരുടെ ട്രെയിനിംഗ് കാലാവധി 18 മാസമാണ്. |
| ബി) ഐ.ആർ.ബി മൂന്നാമത്തെ ബാച്ചിന്റെ 9 മാസത്തെ ട്രെയിനിംഗ് പൂർത്തിയായോ; എങ്കിൽ പാസിംഗ് ഔട്ട് ഉടൻ നടത്തുമോ-യെന്ന് അറിയിക്കുമോ; | (ബി) ഐ.ആർ.ബി. മൂന്നാം ബാച്ചിന്റെ 9 മാസത്തെ ട്രെയിനിംഗ് പൂർത്തിയാക്കി പാസിംഗ് ഔട്ട് 2014 നവംബർ 2-ന് നടന്നിട്ടു-ള്ളതാണ്. റെഗുലർ വിംഗിന്റെ മൂന്നാമത്തെ ബാച്ചിന്റെ 9 മാസത്തെ അടിസ്ഥാന പരി-ശീലനം പൂർത്തിയാക്കി രണ്ടാംഘട്ട അറ്റാച്ച്-മെന്റ് പരിശീലനത്തിലാണ്. രണ്ടാംഘട്ട ട്രെയിനിംഗും പൂർത്തിയാകുന്ന മുറയ്ക്ക് പാസിംഗ് ഔട്ട് പരേഡ് നടത്തുന്നതാണ്. |
| സി) കഠിനമായ ആദ്യ ഘട്ട പരിശീലനം പൂർത്തിയാകുമ്പോൾ ശാരീരിക പ്രയാ-സങ്ങൾ അനുഭവപ്പെടുന്ന ട്രെയിനീസിന് അടുത്ത പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കാതെ ബാച്ച് ഔട്ട് ആക്കുന്നത് ഒഴിവാക്കുന്നതിനായി ഇവരുടെ പാസിംഗ് ഔട്ട് ഉടൻ നടത്തുമോയെന്ന് വ്യക്തമാ- ക്കുമോ; | സി) ബാച്ച് ഔട്ട് ആകുന്ന ട്രെയിനികൾക്ക് അടുത്ത ബാച്ചിനോടൊപ്പം പരിശീലനത്തിൽ പങ്കെടുക്കുവാൻ അവസരം നൽകാറുണ്ട്. ബാച്ച് ഔട്ട് ഒഴിവാക്കുന്നതിനായി പാസിംഗ് ഔട്ട് ഉടൻ നടത്തുന്നതിന് സാധിക്കുന്നതല്ല. |
| ഡി) പ്രസ്തുത രീതിയിൽ ബാച്ച് ഔട്ട് ആകുന്ന ട്രെയിനീസിന് വർഷം തോറും വിജ്ഞാപനം നടത്തി ഐ.ആർ.ബി തെര-ഞ്ഞെടുപ്പ് നടക്കാത്തിനാൽ ഇവരുടെ ഭാവി അനിശ്ചിതത്വത്തിൽ ആകുമെന്ന കാര്യം ശ്രദ്ധ-യിൽപ്പെട്ടിട്ടുണ്ടോ? | ഡി) ഐ.ആർ.ബി.യിൽ ബാച്ച് ഔട്ട് ആയ എല്ലാ ട്രെയിനികൾക്കും അടുത്ത ബാച്ചി-നോടൊപ്പം പരിശീലനം തുടരാൻ അവസരം ലഭിച്ചിട്ടുണ്ട്. നിലവിലും ഈ അവസരം നൽകി വരുന്നുണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കുകയും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതി-നുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു-വരുന്നു. |

സെക്ഷൻ ഓഫീസർ